# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ 38

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരും മണ്ഡലാംഗങ്ങളും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ അടൂർ ഭദ്രാസനത്തിൽ നിന്ന് സഭാ കൗൺസിലിലേക്കു നടന്ന വോട്ടിംഗും ഫലപ്രഖ്യാപനവും റദ്ദു ചെയ്തുകൊണ്ടും സാധുവായ സ്ഥാനാർത്ഥികളുടെ അന്തിമലിസ്റ്റ് പ്രസിദ്ധീകരിച്ചതു മുതലുള്ള തെരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾ സഭയിൽ നിന്നും നൽകിയിട്ടുള്ള നിർദ്ദേശങ്ങൾക്ക് അനുസൃതമായി വീണ്ടും നടത്തി ഫലം അറിയിക്കേണ്ടതാണെന്നും 2021 ഒക്ടോബർ 30–ാം തീയതി തിരുവല്ലാ പൂലാത്തീനിൽ നിന്നും അയച്ച 33–ാം നമ്പർ സർക്കുലർ കല്പന മുഖേന അറിയിച്ചിരുന്നു.

അതിൻ പ്രകാരം 2021 നവംബർ 27–ാം തീയതി തെരഞ്ഞെടുപ്പു നടത്തുകയും താഴെ പേരു രേഖപ്പെടുത്തിയിരിക്കുന്നവർ വിജയികളായതായി ഭദ്രാസന എപ്പിസ്ക്കോപ്പാ അറിയിക്കുകയും ചെയ്തിരിക്കുന്നു.

1. ശ്രീ. ജോസഫ് വർഗ്ഗീസ്, ഐരാണിക്കുടി ഇമ്മാനുവേൽ മാർത്തോമ്മാ ഇടവക
2. ഡോ. മാത്യൂസ് ജോർജ് ചുനക്കര, ചുനക്കര സെന്റ് തോമസ് മാർത്തോമ്മാ ഇടവക
3. ഡോ. സെലിൻ ഏബ്രഹാം, പത്തനാപുരം ഇമ്മാനുവേൽ മാർത്തോമ്മാ ഇടവക
4. റവ. പി.ജെ. വർഗ്ഗീസ്, വെട്ടിയാർ സെന്റ് തോമസ് മാർത്തോമ്മാ ഇടവക

ഈ തെരഞ്ഞെടുപ്പ് സഭാ ഭരണഘടനയ്ക്കു വിധേയമായി അംഗീകരിച്ചിരിക്കുന്നു.

കോടതിയിൽ നിലവിലുള്ള കേസിന്റെ അന്തിമ വിധി പ്രകാരമായിരിക്കും ഈ തെരഞ്ഞെടുപ്പിന്റെ അന്തിമ ഫലം എന്ന വിവരവും അറിയിക്കുന്നു.

നമ്മുടെ കർത്താവ് യേശു മ്ശിഹായുടെ കൃപ എല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ

എന്ന് 2021 ഡിസംബർ 2–ാം തീയതി തിരുവല്ല പൂലാത്തീനിൽ നിന്നും

ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ